# പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 5039 — 24.10.2011-ൽ മറുപടിയ്ക്ക്

### നേമത്തെ സർക്കാർ ആശുപത്രിയിൽ നൂതന ചികിത്സാ ഉപകരണങ്ങൾ

| ചോദ്യം :<br>ശ്രീ.വി.ശിവൻകുട്ടി | മറുപടി :<br>ശ്രീ.അടൂർ പ്രകാശ്<br>(ആരോഗ്യവും കയറും വകുപ്പ് മന്ത്രി) |
|---|---|
| (എ) നേമം മണ്ഡലത്തിലെ സർക്കാർ ആശുപത്രികളിൽ നൂതന ചികിത്സാ ഉപകരണങ്ങൾ സ്ഥാപിക്കുന്നതിനും പ്രസ്തുത ആശുപത്രികളുടെ അറ്റകുറ്റ പണികൾ നടത്തുന്നതിനും ഉദ്ദേശിക്കുന്നുണ്ടോ;<br>(ബി) എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (എ) & (ബി)<br>നേമം താലൂക്ക് ആശുപത്രി, കരമന ഡിസ്പെൻസറി എന്നിവയാണ് നേമം മണ്ഡലത്തിൽ സ്ഥിതി ചെയ്യുന്ന ആശുപത്രികൾ. നേമം സി.എച്ച്.സി.യെ താലൂക്ക് ആശുപത്രിയായി ഉയർത്തിയെങ്കിലും സ്പെഷ്യാലിറ്റി കേഡർ നടപ്പിലാക്കിയിട്ടില്ല. ആയതിനാൽ നൂതന ചികിത്സാ ഉപകരണങ്ങൾ സ്ഥാപിക്കുന്നതിന് പരിമിതികളുണ്ട്. തിരുവനന്തപുരം കോർപ്പറേഷന് ആശുപത്രിയുടെ ചുമതല കൈമാറിയ സാഹചര്യത്തിൽ അറ്റകുറ്റപണികൾ നടത്തുന്നതിന്റെ ഭാഗമായി ഐ.പി., ഒ.പി. കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ